(ബി) ഉണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി 1.6 കോടി രൂപയുടെ എസ്റ്റിമേറ്റിന് വിതരണ വിഭാഗം ദക്ഷിണ മേഖലാ ചീഫ് എഞ്ചിനീയർ 2-9-2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി കേബിൾ സ്ഥാപിക്കുവാൻ തയ്യാറാക്കിയിട്ടുള്ള ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തുക ഒടുക്കുന്നതിനായി ദേവസ്വം ബോർഡിനെ 5-9-2014-ൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ത്രിവേണി പമ്പ സബ്സ്റ്റേഷനിൽനിന്നും നീലിമല, അപ്പാച്ചിമേട് വഴിയുള്ള പരമ്പരാഗത പാതയിലൂടെ സന്നിധാനത്തിലേക്ക് 7 കിലോമീറ്റർ 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കേബിൾവലിച്ച് ചരൽമേട്ടിൽ 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി പ്രവൃത്തികൾ ദേവസ്വം ബോർഡ് തുക ഒടുക്കുന്നപക്ഷം സീസൺ കഴിഞ്ഞ് മൂന്ന് മാസങ്ങൾക്കകം പൂർത്തീകരിക്കുവാൻ സാധിക്കും.

ബിനാനിസിങ്കിന് ഇലക്ട്രിസിറ്റി ബോർഡ് നൽകിയിരിക്കുന്ന ഇളവുകൾ

19 (359) <u>ശ്രീ. സാജു പോൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊച്ചിയിലെ ബിനാനിസിങ്ക് എന്ന സ്ഥാപനത്തിന് ഇലക്ട്രിസിറ്റി ബോർഡ് നൽകിയിരിക്കുന്ന ഇളവുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബോർഡിന് ബിനാനിസിങ്ക് വരുത്തിയ കുടിശ്ശിക തുക എത്ര ; അത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടി എന്താണ് ; വിശദമാക്കാമോ ;

(സി) ബിനാനിസിങ്ക് ബോർഡിന് വരുത്തിയ കുടിശ്ശിക ഒഴിവാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം എന്തായിരുന്നു ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊച്ചിയിലെ ബിനാനിസിങ്ക് എന്ന സ്ഥാപനത്തിന് കറണ്ട് ചാർജ്ജ് കുടിശ്ശിക അടയ്ക്കുന്നതിലേയ്ക്ക് കമ്പനിയുടെ അപേക്ഷ പ്രകാരം തവണ വ്യവസ്ഥയിൽ പലിശയോടുകൂടി പണം അടയ്ക്കാനുള്ള അംഗീകാരം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്.

(ബി) ബിനാനിസിങ്ക് ലിമിറ്റഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നൽകിയിരിക്കുന്ന നാല് കേസ്സുകൾമൂലം കുടിശ്ശികയായ 36,77,26,438 രൂപയും മേൽപറഞ്ഞ തവണ വ്യവസ്ഥയിൽ അടയ്ക്കുവാനുള്ള 22,91,506 രൂപയും ചേർത്ത് ആകെ 44,00,17,944 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. (പലിശ ചേർക്കാതെ). കുടിശ്ശിക ഈടാക്കുവാനായി നിയമാനുസൃതമായ നോട്ടീസുകൾ നൽകിയിട്ടുണ്ട്.

(സി) കുടിശ്ശിക ഒഴിവാക്കുവാൻ നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

(ഡി) യോഗതീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പെറ്റ് കോക്കിൽനിന്ന് വൈദ്യുതി

20 (360) ശ്രീ പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെറ്റ് കോക്കിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതുവഴി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത നിലയത്തിനുള്ള സ്ഥലവും ധനസമാഹരണവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരമുള്ള വൈദ്യുതി ഉൽപ്പാദനം യാഥാർത്ഥ്യമാക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 500 മെഗാവാട്ട് ശേഷിയുള്ള ഒരു നിലയം സ്ഥാപിക്കാനാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly